**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1131** **15-10-2026-ൽ മറുപടിയ്ക്ക്**

**പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2018 മുതൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പുന:സംഘടനയും പുനക്രമീകരണവും വഴി വകുപ്പിന്റെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഐ.എം.ജി ഒരു പഠന റിപ്പോർട്ട് 29.11.2023-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ നോഡൽ ഓഫീസറായി ചീഫ് എഞ്ചിനീയർമാരുടെ ഒരു സമിതിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സമിതി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച ഘട്ടത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി പുതിയതായി സൃഷ്ടിക്കേണ്ടതും, പുനർ വിന്യസിക്കപ്പെടേണ്ടതുമായ തസ്തികകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറോടാവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** മലപ്പുറം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ സെക്ഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പുന:സംഘടനയും പുനക്രമീകരണവും വഴി വകുപ്പിന്റെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഐ.എം.ജി ഒരു പഠന റിപ്പോർട്ട് 29.11.2023-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ നോഡൽ ഓഫീസറായി ചീഫ് എഞ്ചിനീയർമാരുടെ ഒരു സമിതിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സമിതി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച ഘട്ടത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി പുതിയതായി സൃഷ്ടിക്കേണ്ടതും, പുനർ വിന്യസിക്കപ്പെടേണ്ടതുമായ തസ്തികകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറോടാവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** 2020 മുതൽ 2026 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മലപ്പുറം ജില്ലയിലെ ഓഫീസുകളിലെ വിവിധ വിഭാഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരെ വർക്കിങ്ങ് അറൈഞ്ച്മെന്റിലും മറ്റും പുന:ക്രമീകരണം നടത്തിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2020 മുതൽ 2026 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മലപ്പുറം ജില്ലയിലെ ഓഫീസുകളിലെ വിവിധ വിഭാഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരെ വർക്കിങ് അറേഞ്ച്മെന്റിലും മറ്റും പുനക്രമീകരണം നടത്തിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) Assistant Engineer (Civil) from Roads Division Manjeri -1 No. (Working arrangement to KRFB Shornur)

2) Assistant Executive Engineer (Civil) from N.H. Division Malappuram -1 No. (Working arrangement to KRFB Alappuzha)

3) 2026 വർഷത്തിൽ മലപ്പുറം കെട്ടിടവിഭാഗത്തിലെ ഒരു ക്ലറിക്കൽ പോസ്റ്റ് തിരുവനന്തപുരം കെ.ആർ.എഫ്.ബിയിലേക്ക് താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്.

**(ഡി)** ഇത്തരത്തിൽ പുന:ക്രമീകരണം നടത്തി ജില്ലക്ക് ലഭിക്കേണ്ട എച്ച്.ആർ. സേവനം ഇല്ലാതാക്കിയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** എച്ച്.ആർ തടസ്സപ്പെടാത്ത തരത്തിലും പുനർവിന്യസിക്കപ്പെട്ട ജീവനക്കാരന്റെ ചുമതലകൾ മറ്റൊരു ജീവനക്കാരനെ ഏൽപ്പിച്ചുമാണ് പുനക്രമീകരണം നടത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**